പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : 1228

20.01.2014 -ൽ മറുപടി നൽകേണ്ടിയിരുന്നത്

## 'ഭൂരഹിതരില്ലാത്ത കേരളം' പദ്ധതിയുടെ നിലവിലെ സ്ഥിതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.വി. വിജയദാസ് | ശ്രീ.അടൂർ പ്രകാശ് (റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ) 'ഭൂരഹിതരില്ലാത്ത കേരളം' പദ്ധതിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ ; | (എ) കേരളത്തെ ഭൂരഹിതരിതരില്ലാത്ത സംസ്ഥാനമാക്കി മാറ്റുക എന്ന ലക്ഷ്യത്തോടെ സർക്കാർ ആവിഷ്കരിച്ച പദ്ധതിയാണ് ഭൂരഹിതരില്ലാത്ത കേരളം പദ്ധതി 2015. ഒന്നാംഘട്ടമായി ഒൻപത് ജില്ലകളിൽ, ലഭ്യമായ ഭൂമിയുടെ അളവിന്റെ അടിസ്ഥാനത്തിൽ പട്ടയം വിതരണം ചെയ്തു കഴിഞ്ഞു. കണ്ണൂർ ജില്ലയിലെ മുഴുവൻ ഗുണഭോക്താക്കൾക്കും ഭൂമി നൽകിയിട്ടുണ്ട്. അഞ്ച് ജില്ലകളിലെ ഒന്നാംഘട്ട പട്ടയ വിതരണത്തിനുള്ള നടപടികൾ പൂർത്തിയായിക്കഴിഞ്ഞിട്ടുണ്ട്. അടുത്ത സാമ്പത്തിക വർഷവും പദ്ധതി തുടരുന്നതാണ്. ഒന്നാം ഘട്ടമായി ഒരു ലക്ഷം കുടുംബങ്ങൾക്ക് ഭൂമി വിതരണം ചെയ്യുന്നതിനുള്ള ത്വരിത ഗതിയിലുള്ള നടപടികൾ പുരോഗമിക്കുന്നു. |
| (ബി) പ്രസ്തുത പദ്ധതി പ്രകാരം എത്രപേർ ഭൂരഹിതരായി നിലവിൽ കേരളത്തിലുണ്ടെന്നുള്ള വിവരം ലഭ്യമാക്കാമോ; ഇതിൽ എത്ര പട്ടികജാതിക്കാരും പട്ടികവർഗ്ഗക്കാരുമുണ്ടെന്നുള്ള വിവരം ലഭ്യമാക്കാമോ; | (ബി) നിലവിൽ 243928 ഭൂരഹിതരായ കുടുംബങ്ങൾ ഉണ്ടെന്നാണ് കണക്കാക്കിയിട്ടുള്ളത്. 35848 ഗുണഭോക്താക്കൾ പട്ടികജാതി വിഭാഗത്തിലും 2226 ഗുണഭോക്താക്കൾ പട്ടിക വർഗ്ഗ വിഭാഗത്തിലും ഉൾപ്പെട്ടവരെന്നാണ് കണ്ടെത്തിയിട്ടുള്ളത്. |

(സി) ഇപ്രകാരം ജില്ലതിരിച്ചുള്ള കണക്ക് ..ൽകുമോ;

(സി) ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

| ജില്ല | എസ്. സി. | എസ്. റ്റി. | മറ്റുള്ള വർ | ആകെ |
|---|---|---|---|---|
| തിരുവനന്തപുരം | 6585 | 34 | 29231 | 35851 |
| കൊല്ലം | 3363 | 19 | 25209 | 28591 |
| പത്തനംതിട്ട | 1779 | 68 | 4960 | 6807 |
| ആലപ്പുഴ | 1513 | 86 | 12564 | 14163 |
| കോട്ടയം | 1115 | 119 | 9154 | 10388 |
| ഇടുക്കി | 2543 | 63 | 5351 | 7970 |
| എറണാകുളം | 4128 | 182 | 27069 | 31379 |
| തൃശ്ശൂർ | 4792 | 23 | 21889 | 26776 |
| പാലക്കാട് | 4229 | 311 | 19334 | 23874 |
| മലപ്പുറം | 3695 | 195 | 20072 | 23962 |
| കോഴിക്കോട് | 456 | 15 | 7789 | 8304 |
| വയനാട് | 285 | 862 | 3398 | 4546 |
| കണ്ണൂർ | 799 | 73 | 10233 | 11099 |
| കാസർഗോഡ് | 566 | 176 | 9529 | 10218 |
| ആകെ | 35848 | 2226 | 205782 | 243928 |

(ഡി) സമയബന്ധിതമായി പ്രസ്തുത പദ്ധതി പൂർത്തീകരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

(ഡി) പദ്ധതി പ്രകാരമുള്ള മുഴുവൻ ഗുണഭോക്താക്കൾക്കും നൽകുന്നതിനാവശ്യമായ വിവിധ തരം സർക്കാർ ഭൂമികൾ പൂർണ്ണമായും കണ്ടെത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. മറ്റ് വകുപ്പുകളുടെ കീഴിൽ ഉള്ളതും എന്നാൽ ഉപയോഗിക്കാതെ കിടക്കുന്നതുമായ ഭൂമികൾ കൂടി ഉപയോഗപ്പെടുത്തിക്കൊണ്ട് സമയബന്ധിതമായി പദ്ധതി പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്.

C. L. V. Kumar

സെക്ഷൻ ഓഫീസർ